**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് അനുമതി - കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C പ്രകാരം ഇളവ് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പ്

**സ.ഉ.(സാധാ)/2641/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 31/07/2017

പരാമർശം:- 1.15/7/2014 തീയതിയിലെ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാന്റെ അപേക്ഷ.

2.കായംകുളം നഗരസഭാ സെക്രട്ടറിയുടെ 25/3/2017-ലെ കത്ത്.

3 . മുഖ്യനഗരാസൂത്രകന്റെ 22/1/2014, 1/7/2017 എന്നീ തീയതികളിലെ സി3-11114/2013 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയിൽ റീ സർവ്വേ നമ്പർ 74/2-ൽ ഉൾപ്പെട്ട സ്ഥലത്ത് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് വേണ്ടി നിലവിലുള്ള പഴയ ഗോഡൗൺ കെട്ടിടം പൊളിച്ചതിനുശേഷം 1900 മെട്രിക് ടൺ ശേഷിയുള്ള പുതിയ ഗോഡൗണും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 2 5 7 ലക്ഷം രൂപ നബാർഡ് RIDF XVII പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ടെന്നും 1962 മുതൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത ഗോഡൌൺ കാലപ്പഴക്കത്തിൽ കേടുപാടു സംഭവിച്ചതിനാലും ഒരു ഗവൺമെന്റ് സ്ഥാപനമെന്ന നിലയ്ക്കും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. നഗരസഭയിൽ 14/02/2017-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള കരട് മാസ്റ്റർപ്ലാൻ പ്രകാരം ടി വസ്തു വാണിജ്യ മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത മേഖലയിൽ ഗോഡൗൺ കെട്ടിടം അനുവദനീയമാണെന്ന് മാസ്റ്റർപ്ലാൻ സോണിംഗ് റെഗുലേഷൻ എന്ന അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും നിർദ്ദിഷ്ട കെട്ടിടം വെയർഹൗസിംഗ് കോർപ്പറേഷന്റെ ഉടമസ്ഥതയിലാണ് നിർമ്മിക്കേണ്ടതെന്നതിനാൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 9 9 ചട്ടം 3(സി) പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളതുമാണെന്നും പരാമർശം 3 പ്രകാരം കായംകുളം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്നും പ്ലോട്ടിന്റെ മുൻവശത്തുകൂടി കടന്നു പോകുന്ന ടാർ റോഡിന് 15മീ. വൈഡനിംഗ് പ്രൊപ്പോസൽ നിലവിലുണ്ടെന്നും ആയതനുസരിച്ചാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്നും അതുകൊണ്ട് തന്നെ നിർദ്ദിഷ്ട നിർമ്മാണം കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 383 എ യ്ക്ക് വിധേയമാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്ലോട്ടിന്റെ കിഴക്കുവശത്തു നിന്നും വടക്കോട്ടുള്ള കോൺക്രീറ്റ് റോഡ് ഏകദേശം 300 മീറ്റർ നീളമുള്ളതും ഒരറ്റം അടഞ്ഞതും നോട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണെന്നും കൂടി അറിയിച്ചിട്ടുണ്ട്.

3. കായംകുളം നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ടിൽ നിർദ്ദിഷ്ട സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്നും ടി പ്ലോട്ടിന്റെ കിഴക്കുവശത്തുള്ള കോൺക്രീറ്റ് റോഡ് നോട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 383 എ പാലിക്കുന്നതായി കാണുന്നുവെന്നും ആയതിനാൽ നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 9 9 ചട്ടം 3 (സി) പ്രകാരമുള്ള ഇളവുകൾ നൽകുന്നതിനായി പരിഗണിക്കാവുന്നതാണെന്നും പരാമർശം 3 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ നൽകിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായംകുളം നഗരസഭാ സെക്രട്ടറിയുടെ കത്തിന്റേയും മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും പ്രസ്തുത നിർമ്മാണം ഒരു

സർക്കാർ സംരംഭമായതിനാലും കായംകുളം നഗരസഭയിൽ റീ സർവ്വേ നമ്പർ 74/2-ൽ ഉൾപ്പെട്ട സ്ഥലത്ത്, സംസ്ഥാന വെയർഹൗസ് കോർപ്പറേഷൻ നടത്തുന്ന ഗോഡൗൺ കെട്ടിട നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 ചട്ടം 3C പ്രകാരമുള്ള ഇളവുകൾ നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

ചെയർമാൻ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
സെക്രട്ടറി, കായംകുളം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ.
അക്കൌണ്ടന്റ് ജനറൽ (A&E/HBA/Audit), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ